പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1414 07/06/2018-ൽ മറുപടിക്ക്

## എയ്ഡഡ് സ്കൂളുകളിലെ ദിവസവേതന നിയമനം

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. എൻ.എ. നെല്ലിക്കുന്ന്: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ഈ അധ്യയന വർഷം എയ്ഡഡ് സ്കൂളുകളിൽ മുപ്പത് ദിവസത്തിലേറെ ദൈർഘ്യമുള്ള ഒഴിവുകളിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ: എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) ഉണ്ട്. 18-5-2018 ലെ സ.ഉ (സാധാ) നം. 1841/2018/പൊവിവ ന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) ലീവ് വേക്കൻസിയിലുള്ള നിയമനത്തിലാണോ അതോ റിട്ടയർമെന്റ്/ഡിവിഷൻ വർദ്ധനവ് മൂലമുള്ള ഒഴിവുകളിലും ഇത്തരം നിയമനമാണോ നടത്തേണ്ടതെന്ന് വ്യക്തമാക്കാമോ: | (ബി) ഒരു അക്കാദമിക വർഷത്തിൽ താഴെയും എന്നാൽ 30 ദിവസത്തിൽ കൂടുതലുമുള്ള താൽക്കാലിക ഒഴിവുകളിലാണ് ദിനവേതനാടിസ്ഥാനത്തിൽ നിയമനം നടത്തേണ്ടത്. |
| (സി) എയ്ഡഡ് സ്കൂളുകളിൽ നടത്തിയ എത്ര നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ ബാക്കിയുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (സി) വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) റിട്ടയർമെന്റ് ഒഴിവിലും അധിക ഡിവിഷനിലും നിയമനം നടത്തുമ്പോൾ എയ്ഡഡ് സ്കൂൾ മാനേജർമാർ പാലിക്കേണ്ട ചട്ടങ്ങൾ സംബന്ധിച്ച് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടോ: എങ്കിൽ പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ?. | (ഡി) റിട്ടയർമെന്റ് ഒഴിവിലെ നിയമനം സംബന്ധിച്ച് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങളില്ല. **Rule 43, 51A, 51B** എന്നിവ പാലിച്ചുകൊണ്ട് കെ.ഇ.ആർ അദ്ധ്യായം XIV A റൂൾ 1 പ്രകാരം മാനേജർക്ക് നിയമനം നടത്താവുന്നതാണ്.<br>അധിക ഡിവിഷനിലെ നിയമനം സംബന്ധിച്ച് പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. 3-12-16-ലെ സ.ഉ (പി) 199/16/പൊവിവ പ്രകാരമുള്ള കെ.ഇ.ആർ ഭേദഗതി അനുസരിച്ചാണ് ഇത്തരം തസ്തികകളിൽ നിലവിൽ നിയമനം നടത്തേണ്ടത്. എന്നാൽ ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച്, ഈ ഉത്തരവിന്റെ പരിധിയിൽ വരുന്ന നിയമനം, നിയമനാംഗീകാരം, പുനർവിന്യാസം എന്നിവ തത്ക്കാലം സ്റ്റേ ചെയ്തിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ

**File No.GEDN-J3/86/2018-G.EDN**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

എയ്ഡഡ് സ്കൂളുകളിൽ 2018-2019 അദ്ധ്യയനവർഷം ദിനവേതനാടിസ്ഥാനത്തിൽ താൽക്കാലിക അദ്ധ്യാപക നിയമനം- മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

**സ.ഉ.(സാധാ) നം./1841/2018/പൊ.വി.വ** തീയതി,തിരുവനന്തപുരം, 18/05/2018

---

പരാമർശം:- 1. 2.2.2017 ലെ സ.ഉ (സാധാ) നമ്പർ2079/17/പൊ.വി.വ

2. 27.4.2018 ലെ നമ്പർ എച്ച്2/21500(1)/2018/ ഡി.പി.ഐ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം 2017-18 വർഷം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ 30 ദിവസത്തിലധികം ദൈർഘ്യമുള്ള ഒഴിവുകളിൽ ദിനവേതനാടിസ്ഥാനത്തിൽ താൽക്കാലിക അദ്ധ്യാപകരെ നിയമിക്കാൻ അനുമതി നൽകിയിരുന്നു. പരാമർശം (2) പ്രകാരം 2018-19 അദ്ധ്യയന വർഷവും ദിനവേതനാടിസ്ഥാനത്തിൽ താൽക്കാലിക അദ്ധ്യാപകരെ നിയമിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് പൊതുവിദ്യാഭ്യാസഡയറക്ടർ അഭ്യർത്ഥിച്ചു. ഇക്കാര്യം സർക്കാർ പരിശോധിച്ച് ചുവടെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി 2018-19 അദ്ധ്യയന വർഷവും എയ്ഡഡ് സ്കൂളുകളിൽ ദിനവേതനാടിസ്ഥാനത്തിൽ താൽക്കാലിക അദ്ധ്യാപക നിയമനങ്ങൾ നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:-

1. സർക്കാരും പൊതുവിദ്യാഭ്യാസ ഡയറക്ടറും പുറപ്പെടുവിച്ചിട്ടുള്ള മുൻകാല ഉത്തരവുകളിലെ വ്യവസ്ഥകൾ നിർബന്ധമായും പാലിച്ചിരിക്കേണ്ടതാണ്.
2. കെ-ടെറ്റ് യോഗ്യത നേടിയവർ /നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം കെ-ടെറ്റ് പാസ്സാകുന്നതിൽ നിന്നും ഇളവ് അനുവദിച്ചിട്ടുള്ളവർ എന്നിവരെയാണ് ദിനവേതനാടിസ്ഥാനത്തിലും നിയമിക്കേണ്ടത്. അങ്ങനെയുള്ളവരുടെ അഭാവത്തിൽ മാത്രം കെ-ടെറ്റ് യോഗ്യതയില്ലാത്തവരെ നിയമിക്കാവുന്നതാണ്. ഈ സന്ദർഭങ്ങളിൽ മേൽ യോഗ്യതയുള്ളവരുടെ അഭാവം സംബന്ധിച്ച ഡിക്ലറേഷൻ മാനേജർ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ ഹാജരാക്കേണ്ടതാണ്.
3. 180 ദിവസം മുതൽ ഒരു അക്കാദമിക വർഷത്തിൽ താഴെ വരെ ദൈർഘ്യമുള്ള ഒഴിവുകളിലേക്ക് പ്രസ്തുത മാനേജ്മെന്റിൽ താൽക്കാലികമായി പുനർവിന്യസിക്കപ്പെട്ട സംരക്ഷിതാദ്ധ്യാപകരുണ്ടെങ്കിൽ അവരെ തിരികെ വിളിക്കാവുന്നതാണ്. സ്ഥിരമായി പുനർവിന്യസിക്കപ്പെട്ട സംരക്ഷിതാ-ദ്ധ്യാപകരുണ്ടെങ്കിൽ അവരെ തിരികെ വിളിക്കേണ്ടതില്ല.
4. 28-04-2017-ലെ ജി.ഒ (പി) നമ്പർ 56/2017/ധന പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാകുന്ന പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് പ്രതിദിനം 895/-രൂപയും (പ്രതിമാസം

പരമാവധി 25900/-രൂപ), ഹൈസ്കൂൾ ടീച്ചർ പ്രതിദിനം 1025/- രൂപയും (പ്രതിമാസം പരമാവധി 29700/-രൂപ) പാർട്ട് ടൈം ഹൈസ്കൂൾ ഭാഷാദ്ധ്യാപകർക്ക് പ്രതിദിനം 710/-രൂപയും (പ്രതിമാസം പരമാവധി 19850/-രൂപ), പ്രൈമറി സ്കൂൾ പാർട്ട് ടൈം ഭാഷാദ്ധ്യാപകർക്ക് 685/- രൂപയും (പ്രതിമാസം പരമാവധി 18450/-രൂപ) വേതനമായി അനുവദിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എച്ച്. നജീബ്**

**ജോയിൻറ് സെക്രട്ടറി**

പകർപ്പ്.പൊ.വി.ഡയറക്ടർ, തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊ.വി.ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി@ സ്കൂൾ, തിരുവനന്തപുരം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

പബ്ളിക്ക് റിലേഷൻസ്(വെബ് & ന്യൂമീഡിയ) വകുപ്പ്(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)/(പ്രസ്സ് റിലീസ്)

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടൻറ് ജനറൽ (എ ആൻറ് ഇ) കേരള, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ